ശ്രീ. കെ. ടി. കണാരൻ: ദുർബ്ബലജനവിഭാഗങ്ങളാണ് മുഖ്യമായും ലക്ഷംവീടുകളിൽ താമസിക്കുന്നത്. അവിടെയാണെങ്കിൽ വെള്ളം, വെളിച്ചം, കക്കൂസ് തുടങ്ങിയ സൗകര്യങ്ങളൊന്നുമില്ല. അവരുടേതല്ല ഈ ഭൂമിയെന്നുള്ളതുകൊണ്ട് അവർക്ക് സ്വന്തമായിട്ട് ഇക്കാര്യങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാനും നിവൃത്തിയില്ല. അതുമാത്രവുമല്ല നിരവധിപ്രാവശ്യം ഒരുവിട് ഒകെമാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയുമുണ്ട്. ഇതിനൊക്കെ പരിഹാരമായി ഒരു സമ്പൂർത്തമായ നടപടിയെന്നുള്ള നിലയിൽ അവർക്ക് പട്ടയം കൊടുക്കുവാനും പ്രത്യേകിച്ച് അവരുടെ പ്ലോട്ടുകളുടെ അതിർത്തിയെ സംബന്ധിച്ചു നടക്കുന്ന ശണ്ഠയും ബഹളവും കത്തിക്കുത്തും അവസാനിപ്പിക്കുന്നതിനുള്ള പരിഹാരമെന്നുള്ള നിലയിൽ അവരുടെ പ്ലോട്ടുകൾ അളന്ന് അതാത് ആളുകൾക്ക് പതിച്ചുകൊടുക്കുവാനുമുള്ള നടപടിയുണ്ടാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അതേപ്പറ്റി പറഞ്ഞുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ലക്ഷം വീടുകളിൽ ഒരു ഭിത്തിയുടെ അപ്പുറത്തും ഇപ്പുറത്തുമായി വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട രണ്ട് കുടുംബങ്ങളാണ് ഇപ്പോൾ താമസിച്ചുവരുന്നത്. അതുകൊണ്ട് അവിടെ കുടുംബകലഹം സർവ്വസാധാരണമാണ്. ഈ നരകതുല്യമായ ദുഃഖം അവസാനിപ്പിക്കുന്നതിനുവേണ്ടി ഓരോ വീടുകൾക്കും പ്രത്യേകിച്ച് സ്ഥലവും താമസസൗകര്യവും ഫർപ്പാട് ചെയ്തുകൊടുക്കുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഇടയ്ക്ക് ഒരു ഭിത്തിയുള്ളതുകൊണ്ട് ഈ പറയുന്നത്ര അപകടമില്ല. മാത്രമല്ല ഓരോ വീട്ടുകാർക്കും ഓരോ സ്ഥലവും കെട്ടിടവുമെന്നുള്ളത് കേരളത്തിൽ അത്ര പ്രായോഗികമല്ലാതെ വരികയാണ്. ഇവിടെ ഫ്ളാറ്റുകൾ കൂട്ടുതലായി പണിയേണ്ടിയിരിക്കുന്നു. തീരപ്രദേശങ്ങളിൽ പ്രത്യേകമായ രീതിയിലുള്ള ഫ്ളാറ്റുകൾ പണിയണം. പട്ടണ പ്രദേശങ്ങളിൽ ഓരോ സ്ഥലവും ഓരോ വീടും സാധിക്കുകയില്ല. അതുകൊണ്ട് വീടുകളുടെ നിരയും ഇടയ്ക്ക് ഒരു ഭിത്തിയും മാത്രമേ ഇനി കാണുകയുള്ളൂ.

കേരള ഖാദി ബോർഡിന്റെ പുതിയ പദ്ധതികൾ

* 283 [423] ശ്രീ. മണിമംഗലത്തു കുട്ടപ്പാലി:
,, കെ. കെ. തോമസ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദിബോർഡ് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതുമൂലം പുതുതായി എത്ര പേർക്കു ജോലി ലഭിക്കും?

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) കേരള ഖാദി ബോർഡ് ഏഴാം പദ്ധതിക്കാലത്ത് രണ്ടു ലക്ഷം പേർക്ക് തൊഴിൽ നൽകാൻ സാദ്ധ്യതയുള്ളതായി കരുതപ്പെടുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: 1985–86, 1986–87 എന്നീ വർഷങ്ങളിൽ ഖാദി ബോർഡ് പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിക്കുവേണ്ടി ഖാദി കമ്മീഷനിൽനിന്ന് എത്രകോടി രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ? അതുപോലെ പ്രോജക്ട് റിപ്പോർട്ടിലെ വിശദാംശങ്ങളും ബഹുമാനപ്പെട്ട മന്ത്രി നൽകുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: ഏഴാം പദ്ധതിക്കാലത്തേക്കുള്ള പ്രോജക്ട് റിപ്പോർട്ട് ഇപ്പോഴും ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അതേസമയം ഖാദി ബോർഡ്, ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നതും കമ്മീഷന്റെ സഹായത്തോടുകൂടി നടത്തുന്നതുമായ പദ്ധതികളും തുടർന്നു പോവുകയാണ്. 1985–86 വർഷം ഖാദി കമ്മീഷനിൽനിന്നും 333.24 ലക്ഷം രൂപ ഖാദി ബോർഡിന് കിട്ടിക്കഴിഞ്ഞു. 1986–87 വർഷത്തിൽ ഖാദി കമ്മീഷൻ ഇപ്പോഴും അപ്രൂവ് ചെയ്തിട്ടുള്ളത് 780 ലക്ഷം രൂപയാണ്, അതിൽ 200 ലക്ഷം രൂപ ബാങ്ക് ഫിനാൻസിന്റേതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബോർഡിന്റെ കീഴിൽ ഫങ്ഷൻ ചെയ്യാത്ത ചില യൂണിറ്റുകളും ഇന്ന് നിലവിലുണ്ട്. ഇത്തരത്തിൽ ഫങ്ഷൻ ചെയ്യാത്ത യൂണിറ്റുകളും വീണ്ടും ഫങ്ഷൻ ചെയ്യിപ്പിക്കാനാവശ്യമായ സംഖ്യ പ്രത്യേകം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ? അതോ മൊത്തം കൊടുത്തിട്ടുള്ള പുതിയ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: പ്രവർത്തനം നിലച്ച യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളും എന്നുള്ള നിലയിൽ ഖാദി ബോർഡ് ഒരു കോംപ്രിഹെൻസിവ് സ്കീം തയ്യാറാക്കിയിട്ടുണ്ട്. വയബിലിറ്റി സ്കീം, പൊട്ടൻഷ്യലി വയബിലിറ്റി സ്കീം, സിക്ക് സ്കീം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് അവയെ സഹായിക്കാനുള്ള സ്കീം ആണ് തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളത്. ഇത് ഖാദി കമ്മീഷനിൽനിന്നു കിട്ടുന്ന പണം കൊണ്ടും സംസ്ഥാനഗവൺമെന്റിൽനിന്നുകിട്ടുന്ന ഗ്രാന്റ് കൊണ്ടും പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ഖാദിബോർഡ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. കെ. തോമസ്: വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ ഗ്രാമ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തി, വ്യവസായ വളർച്ച കൈവരിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: എല്ലാ ജില്ലകളിലും പ്രത്യേകിച്ച് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ ഗ്രാമവ്യവസായ പദ്ധതികളെ ആരംഭിക്കാൻ മുന്നോട്ടുവരുന്ന സഹകരണ സംഘങ്ങളെയും ചാരിറ്റബിൾ സംഘങ്ങളെയും ഖാദി ബോർഡ് സഹായിക്കാറുണ്ട്, കൂടുതൽ സൗകര്യങ്ങളും ചെയ്തു കൊടുക്കാറുണ്ട്. തുടങ്ങിവച്ച പല പദ്ധതികളും നിലച്ചതുകൊണ്ട്, നിലനിൽക്കുന്നതും വയബിളുമായിരിക്കണം മേലിൽ തുടങ്ങുന്നത് എന്ന കാര്യത്തിൽ പ്രത്യേകം നിഷ്കർഷ വേണമെന്ന് ഖാദി ബോർഡിനും ഗവൺമെന്റും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ്: ഖാദി ബോർഡിലെ ജീവനക്കാർക്ക് ഇന്ന് നൽകിവരുന്ന വേതനം വളരെ കുറവാണ്. ഇതിൽ ജീവനക്കാർ തികച്ചും അസംതൃപ്തരാണ്. എന്തു പദ്ധതി കൊണ്ടുവന്നാലും ഇതുകാരണം വിജയപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഖാദി ബോർഡിലെ ജീവനക്കാർക്ക് മുൻകൂട്ടി തന്നെ ശമ്പളസ്കെയിൽ ഒക്കെ തീരുമാനിച്ചിട്ടുണ്ട്. അതേസമയത്ത് നൂൽനൂൽപ്പിലും വീവിങ്ങിലുമുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. നൂൽനൂൽപ്പുകാർക്ക് അഞ്ചു രൂപയിൽനിന്ന് 8 രൂപയായി വർദ്ധിപ്പിക്കാനും, വീവിങ്ങിലുള്ളവർക്ക് പത്തു രൂപയിൽനിന്ന് പന്ത്രണ്ട് രൂപയായി വർദ്ധിപ്പിക്കാനും നിലപാട് ഖാദി ബോർഡ് സമ്മതിച്ചിട്ടുണ്ട്. ഖാദി കമ്മീഷനാണ് അതിൻമേൽ നടപടികളെടുക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: . ബഹുമാനപ്പെട്ട മന്ത്രി പുതിയ പദ്ധതിയെക്കുറിച്ചാണ് പറഞ്ഞത്. എന്റെ നിയോജമകണ്ഡലത്തിൽത്തന്നെ നൂൽനൂൽപ്പ് യൂണിറ്റുകളുണ്ട്. ഇതുവരെ ഒൻപതു രൂപയും പത്തു രൂപയും ഒക്കെ കൂലി കിട്ടിയിരുന്നു. ഇപ്പോൾ രണ്ടുരൂപ പോലും കിട്ടുന്നില്ല. സാധനങ്ങൾ ഇല്ല, കാശ് നേരെ കൊടുക്കുന്നില്ല. അതു പോലെ ഒരു പുതിയ യൂണിറ്റ് തുടങ്ങി ഏകദേശം പകുതി രൂപവരെ ചെലവഴിച്ചിട്ടുണ്ട്. അതും പ്രവർത്തിക്കുന്നില്ല. ഈ യൂണിറ്റുകളെ സജീവമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഖാദി ബോർഡിന് ഇതെല്ലാം പ്രത്യേകമായി പരിശോധിക്കുവാനും നടത്തുവാനുമുള്ള മെഷീനറിയും മറ്റുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഖാദി ബോർഡിനുള്ള നിവേദനംതന്നെ ദയവു ചെയ്തു എനിക്ക് അയച്ചു തരികയാണെങ്കിൽ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: നൂൽനൂൽപ്പു കേന്ദ്രങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഖാദി ബോർഡ് ആവിഷ്കരിച്ച പദ്ധതിയുടെ ഫലമായി, ഖാദി ബോർഡിലേയ്ക്ക് സൗജന്യമായി സ്ഥലം വിട്ടു കൊടുക്കുന്നതിനുള്ള നിർദ്ദേശമനുസരിച്ച് പല സ്ഥലങ്ങളിലും സ്ഥലം വിട്ടുകൊടുത്തെങ്കിലും അവിടെ കേന്ദ്രങ്ങളുടെ പണി ഖാദി ബോർഡ് ആരംഭിച്ചിട്ടില്ല. നൂൽനൂൽപ്പു കേന്ദ്രങ്ങളിൽ വളരെ തുച്ഛമായ കൂലി മാത്രമേ കിട്ടുന്നുള്ളു എന്ന വസ്തുത കണക്കാക്കി അവ ഏറ്റെടുക്കാനും, ബാക്കിയുള്ള സ്ഥലങ്ങളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനുമുള്ള നടപടിയെടുക്കുമോ?

ശ്രീ. ഇ. അഹമ്മദ്: അദ്ദേഹം രണ്ടു കാര്യങ്ങളാണ് ചോദിച്ചത്. സ്ഥലമെടുത്ത് ഷെഡ്ഡുകളുണ്ടാക്കുന്നത് നൂൽനൂൽപ്പിനു മാത്രമല്ല, മറ്റു ഖാദി വ്യവസായങ്ങൾക്കുമെല്ലാമുള്ളതാണ്. ആറാം പദ്ധതിക്കാലത്ത് അറുപത്തിരണ്ട് സ്ഥാപനങ്ങളും അൻപത്തഞ്ചു പഞ്ചായത്തുകളും 125 വ്യക്തികളുമാണ് വർക്ക് ഷെഡ്ഡുകൾ പണിയാൻ സൗജന്യമായി സ്ഥലം നൽകിയത്. ഇതിൽ 220 സ്ഥലങ്ങളിൽ വർക്ക് ഷെഡ്ഡുകൾ പണിഞ്ഞിട്ടുണ്ട്. 22 സ്ഥലങ്ങളിൽ നിർമ്മാണ ജോലികൾ നടക്കുകയാണ്. 242 സൈറ്റുകളിൽ 424 വർക്കു ഷെഡ്ഡുകളാണ് പണിയേണ്ടത്. 1982–86–ൽ 252 ഷെഡ്ഡുകൾ പൂർത്തിയായി. ഇപ്പോൾ 49 ഷെഡ്ഡുകൾ നിർമ്മാണത്തിലിരിക്കുകയാണ്. ഇതിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ഖാദി ഉൽപ്പാദനം, നൂൽനൂൽപ്പ്, വീവിങ്ങ് എന്നിവമാത്രമേ നടത്താൻ നിവൃത്തിയുള്ളൂ. ഏത് പർപ്പസിനു വേണ്ടിയാണോ ഷെഡ്ഡുകൾ നിർമ്മിക്കുന്നത് അതിനുവേണ്ടിമാത്രം അവ ഉപയോഗിക്കണമെന്ന് കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. രേതൻ: സർ, ഖാദി ബോർഡിന്റെ കീഴിൽ ജോലിചെയ്യുന്ന നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും യാതൊരു തൊഴിൽ നിയമങ്ങളും സംരക്ഷണങ്ങളും ഇന്ന് ലഭിക്കുന്നില്ല. അതുകൊണ്ട് ഐ.ഡി. ആക്ട്, ഫാക്ടറീസ് ആക്ട്; പേമെന്റ് ഓഫ് വേജസ് ആക്ട് തുടങ്ങിയുള്ള തൊഴിൽ നിയമങ്ങൾ ഖാദി ബോർഡിന്റെ കീഴിൽ ജോലി ചെയ്യുന്ന നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കുംകൂടി ബാധകമാക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിൻമേൽ ആവശ്യമായ സമ്മർദ്ദങ്ങൾ നിർബന്ധമായും ബഹുമാനപ്പെട്ട മന്ത്രി ചെലുത്താമോ?

ശ്രീ. ഇ. അഹമ്മദ്: തൊഴിലാളികൾക്ക് കഴിയുന്നത്ര കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് നൂൽ നൂൽപ്പുകാരുടെയും നെയ്ത്തുകാരുടെയും വേതനം വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് അവർ ഇപ്പോൾ സമ്മതിച്ചത്.

ശ്രീ. പി. രാഘവൻ: സർ, ഖാദി വ്യവസായത്തിന്റെ ഒരു കേന്ദ്രമാണ് കണ്ണൂർ ജില്ല. അവിടെ ജില്ലാ ആഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന് സ്വന്തമായി ഒരു കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ഖാദി ബോർഡിന് അതിന്റെ പ്രവർത്തികളെ നടപ്പിലാക്കാൻ സാമ്പത്തികമായി കൂടുതൽ പണം ആവശ്യമായിട്ടുള്ള ഈ ഘട്ടത്തിൽ കെട്ടിടങ്ങൾക്കും മറ്റും വേണ്ടി പണം നിക്ഷേപിക്കാൻ പ്രയാസമുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ബോർഡ് പരിഗണിക്കുന്നതാണ്.

ശ്രീ. എ.സി ഷൺമുഖദാസ്: സർ, പഞ്ഞിയും നൂലും വീട്ടിൽ കൊണ്ടുപോയി ഉപതൊഴിലായിട്ടായിരുന്നു മുമ്പ് ഖാദി തൊഴിലാളികൾ ജോലി ചെയ്തിരുന്നത്. എന്നാൽ ഇന്ന് കോമൺ ഷെഡ്ഡുകളിൽത്തന്നെ മുഴുവൻ സമയവും പ്രവർത്തകരായിരിക്കയാണ്. അവർക്ക് അഞ്ചും ആറും രൂപയാണ് കിട്ടുന്നത്. ഖാദി കമ്മീഷൻ ഈ കാര്യത്തിൽ അനുകൂലമല്ലാത്ത നിലപാട് എടുക്കുന്നു. ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തി അവർക്കു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രീ. ഇ. അഹമ്മദ്: പരമ്പരാഗത തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും ഖാദിബോർഡിലുള്ള തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഖാദി കമ്മീഷൻ, നമ്മുടെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും അതുപോലെ സർവ്വോദയ സംഘത്തിനും ഫൈനാൻസ് ചെയ്യുന്നുണ്ട്. മറ്റു ചില ഏജൻസികളും ഫൈനാൻസ് ചെയ്യുന്നുണ്ട്. നമ്മുടെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ഡിപ്പോകളിൽനിന്നുള്ള ഉൽപ്പന്നങ്ങളുടെ വിറ്റുവരവും മറ്റു സ്വകാര്യ ഏജൻസികളുടെ വിറ്റുവരവും തമ്മിൽ പരിശോധിക്കുമ്പോൾ നമ്മുടെ ഖാദി ഗ്രാമ വ്യവസായത്തിന്റെ കീഴിലുള്ള ഡിപ്പോകളിൽ നിന്നുള്ള വിറ്റുവരവ് വളരെ കുറവായിട്ടാണ് രേഖകൾ തെളിയിക്കുന്നത്. സ്വകാര്യ ഏജൻസികളുമായി മൽസരിക്കുവാൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ഉള്ള ഡിപ്പോകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാൻ വല്ല നടപടിയും എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഈ ബോർഡ് നേരിട്ട് നടത്തുന്ന ഉൽപ്പാദന കേന്ദ്രങ്ങളും 239 ആണ്. വിൽപ്പന കേന്ദ്രങ്ങളും 93 ആണ്. അതേയവസരത്തിൽ സൊസൈറ്റികളും മറ്റു രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷനുകളും നടത്തുന്ന ഉൽപ്പാദന കേന്ദ്രങ്ങളും 252–ഉം വിൽപ്പന കേന്ദ്രങ്ങളും 153–ഉം ആണ്. ഇതിൽ സൊസൈറ്റികളും രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂഷനുകളും നടത്തുന്നത് ബോർഡിന്റെയും കമ്മീഷന്റെയും നിയന്ത്രണങ്ങൾക്കു വിധേയമായിട്ടാണ്. ഇതിനെല്ലാം പുറമെ അൺ ആതറൈസ്ഡ് ആയിട്ട് ചില വില്പനശാലകളുണ്ട് എന്നുള്ളതു് ഒരു വസ്തുതയാണ്. അവരെ നിയന്ത്രിക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. അതോടൊപ്പം ഖാദി ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഉള്ള വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കൂടുതൽ വിറ്റുവരവ് ഉണ്ടാക്കാനും ഉള്ള നടപടികളും ബോർഡ് എടുത്തുകൊണ്ടിരിക്കുന്നു.

ശ്രീമതി പി. ദേവൂട്ടി: സർ, ഖാദി വ്യവസായ രംഗത്ത് മൂന്നു മാസത്തോളമായി നൂൽനൂൽപ്പ് നടക്കുന്നില്ല. ഞാൻ പല പ്രാവശ്യം ഇതു സംബന്ധിച്ച് ഖാദി ബോർഡ് സെക്രട്ടറിയുമായും വൈസ് ചെയർമാനുമായും സംസാരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഒരു നിവേദനവും തന്നിട്ടുണ്ട്. എന്നാൽ ഖാദി ബോർഡ് സെക്രട്ടറി പറയുന്നത്, പവർ കട്ട് കാരണം ടേപ്പ് ഉണ്ടാക്കാൻ കഴിയുന്നില്ല. അതു കൊണ്ടാണ് അവർക്കു ജോലി കൊടുക്കാൻ കഴിയാത്തതെന്നാണ്. വളരെ ദയനീയമായിട്ടുള്ള അവസ്ഥയാണ് ഈ രംഗത്തുള്ളതു്. സ്ത്രീകൾ മുഴുവൻ പട്ടിണിയിലാണ്. അല്പം പുരുഷന്മാരും ആ കൂട്ടത്തിലുണ്ട്. ഈ ദയനീയാവസ്ഥ പരിഹരിക്കുന്നതിന്, പവർ കട്ട് കാരണം ടേപ്പ് ഇല്ലാത്തത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പറുടെ പരാതിക്ക് ആവശ്യമായ നടപടികൾ എടുക്കാൻ ഖാദി ബോർഡ് ആലോചിക്കുന്നു. ഏതായാലും ഖാദി ബോർഡിന്റെ സെക്രട്ടറി, ഗവൺമെന്റിന് ഇതു പോലെ മറുപടി നൽകിയിട്ടില്ല. അതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ എനിക്ക് അഭിപ്രായം പറയുവാൻ സാദ്ധ്യമല്ല. അതേയവസരത്തിൽ പഞ്ഞി വേണ്ടത്ര ലഭ്യമാക്കാൻ എല്ലാ നടപടികളും ബോർഡ് എടുത്തുവരുന്നുണ്ട്.

ശ്രീ. ബെന്നി ബഹനാൻ: സർ, പുതിയ പദ്ധതികൾ തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കേരളത്തിലെ കൃഷിക്കാരുടെ ഏറ്റവും വലിയ പേടിസ്വപ്നമായി മാറിയിരിക്കുന്ന ആഫ്രിക്കൻ പായൽ ഒരു അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടി ഖാദി ബോർഡ് എടുത്തിട്ടുണ്ടോ; ഇതനുസരിച്ച് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഇ. അഹമ്മദ്: ഗ്രാമ വ്യവസായങ്ങൾ എന്താണെന്ന് തീരുമാനിക്കേണ്ടതു് ഖാദി കമ്മീഷനാണ്. ഇപ്പോൾ ഖാദി കമ്മീഷൻ 18 ഇനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ റബ്ബർ കൂടി ഉൾപ്പെടുത്തിയതുകൊണ്ട് 19–ാമത്തെ ഇനമായി അതിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റബ്ബർ തന്നെ ഒരു പൈലറ്റ് പ്രോജക്ട് ആണ്. ആഫ്രിക്കൻ പായലിന്റെ കാര്യം ഇതുവരെ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ബീഡി, കൈത്തറി, കശുവണ്ടി— ഈ എല്ലാ വ്യവസായങ്ങളിലും മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളിലുള്ള തൊഴിലാളികൾക്ക് മിനിമം കൂലി നൽകാനുള്ള വ്യവസ്ഥയുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: ഖാദി തൊഴിലാളികളിൽ, ചർക്ക ഉപയോഗിച്ച് നൂൽ നൂൽക്കുന്ന തൊഴിലാളികളും മുഴുവൻ ഖാദി കമ്മീഷന്റെ ഡയറക്ഷനു വിധേയമായിട്ടുള്ളതാണ്. അതുകൊണ്ട് ഈ പ്രശ്നം മന്ത്രിമാത്രം വിചാരിച്ചാൽ പരിഹരിക്കാവുന്നതല്ല.

ശ്രീ. പി. സീതിഹാജി: സർ, ഖാദി വ്യവസായങ്ങളും നടത്തുന്ന സൊസൈറ്റികളിൽ ചിലത് സ്വന്തക്കാരെയും കുടുംബക്കാരെയും മാത്രം ഉൾപ്പെടുത്തി നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സൊസൈറ്റികളും പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: സൊസൈറ്റികളും സഹകരണ നിയമ പ്രകാരമുള്ളതാണ്. അപ്പോൾ സഹകരണ നിയമപ്രകാരമുള്ള നിബന്ധനകളനുസരിച്ച് മാത്രമേ അവർ പ്രവർത്തിക്കുവാൻ പാടുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയുള്ള കാര്യങ്ങളും നിയമവിരുദ്ധമോ അല്ലെങ്കിൽ ക്രമവിരുദ്ധമോ ആണെന്ന് കാണുകയാണെങ്കിൽ ഖാദി ബോർഡുതന്നെ അതിൻമേൽ നടപടിയെടുക്കുന്നതാണ്. എന്തായാലും ഖാദി ബോർഡിന്റെ ഒരു സഹകരണ സംഘത്തിന് പരിമിതമായ, നിയമ പരിധിയിൽപ്പെടുന്ന അധികാരം മാത്രമേയുള്ളൂ.

ശ്രീ. ഇ. പത്മനാഭൻ: സർ, നൂൽനൂൽപ്പ് കേന്ദ്രങ്ങളിലും നെയ്ത്തു കേന്ദ്രങ്ങളിലുമെല്ലാം തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുന്ന കാര്യം പറഞ്ഞു. അതല്ലാതെ തീപ്പെട്ടി നിർമ്മാണം, റൊട്ടി നിർമ്മാണം ഇങ്ങനെ പല വിധത്തിലുള്ള ഉൽപ്പാദന പ്രക്രിയ ഖാദി ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അവിടെയുള്ള തൊഴിലാളികളുടെ വേതന നിലവാരവും തൊഴിൽ സാഹചര്യങ്ങളും അടിമ ജോലിയെക്കാളും വളരെ ശോചനീയമായ അവസ്ഥയിലാണ്. ഈ കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുന്നതിനോ അവർക്ക് ജീവിക്കാൻ ആവശ്യമായ പട്ടിണിക്കൂലിയെങ്കിലും കിട്ടുന്നതിനോ ഉള്ള സംവിധാനമുണ്ടാക്കാമോ?

ശ്രീ. ഇ. അഹമ്മദ്: ഗ്രാമവ്യവസായ യൂണിറ്റുകളും തന്നെ മൂന്നു വിധത്തിലാണ്. ഒന്ന് ഖാദി ബോർഡിന്റെ കീഴിലുള്ളത്. അങ്ങനെയുള്ളത് എട്ടു യൂണിറ്റുകളാണ്. അവിടെയുള്ളത് ആകെ 106 തൊഴിലാളികളാണ്. 1867 സഹകരണ സംഘങ്ങളുടേയും 1153 ചാരിറ്റബിളും സൊസൈറ്റികളുടെയും പേരിൽ 3020 ഗ്രാമ വ്യവസായ യൂണിറ്റുകളാണ് ഖാദി ബോർഡിന്റെയും ഖാദി കമ്മീഷന്റെയും സഹകരണത്തോടുകൂടിയുള്ളത്. ജീവനക്കാരെല്ലാം അതാതു സഹകരണ സംഘങ്ങളുടെയും ചാരിറ്റബിളും സൊസൈറ്റികളുടെയും കീഴിൽ പ്രവർത്തിക്കുന്നവരാണ്. അവർ ആ സൊസൈറ്റികളുടെ നിയന്ത്രണത്തിലും അതിന്റെ അധികാര പരിധിയിലും പെട്ടവരാണ്. ഈ തരത്തിലുള്ള പ്രശ്നങ്ങളും തന്നെയാണ് കമ്മീഷന്റെ ശ്രദ്ധയിൽ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ ഒരു മഹത്തായ തത്വശാസ്ത്രമാണ് ഖാദി ഉൽപ്പാദനത്തിന്റെയും ഖാദി പ്രചരണത്തിന്റെയും പിന്നിലുള്ളത്. അതിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജീവിക്കാൻ ആവശ്യമായ വേതനം ലഭിക്കുന്നില്ലെന്നത് ആ തത്വശാസ്ത്രത്തിനുതന്നെ അപമാനകരമായതു കൊണ്ട് മിനിമം കൂലി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഖാദി കമ്മീഷന്റെ മുമ്പിൽ സംസ്ഥാന ഗവൺമെന്റ് ഉന്നയിക്കാനും, മറ്റെല്ലാ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവിടെ തൊഴിലാളികൾക്കു മോശപ്പെട്ട അവസ്ഥയുണ്ടെന്ന് ബോദ്ധ്യപ്പെടുത്താനും അങ്ങനെ അവകാശങ്ങൾ നേടിയെടുക്കാനും സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യം കാണിക്കാമോ?

ശ്രീ. ഇ. അഹമ്മദ്: ഈ സംസ്ഥാനത്തിന്റെ പ്രത്യേകത ഒരു തവണയല്ല പല തവണ കമ്മീഷനിലും ആവശ്യമായ മറ്റെല്ലായിടങ്ങളിലും ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ cost chart അനുസരിച്ചുമാത്രമേ വിൽക്കാൻ പാടുള്ളൂ എന്ന നിബന്ധനയുണ്ട്. ഈ നിബന്ധനയനുസരിച്ച് ഉൽപ്പന്നം വിൽക്കാൻ സാധിക്കാതെ വരുമ്പോൾ നൂല് കെട്ടിക്കിടക്കുന്ന പ്രയാസം വരും. അതുകൊണ്ട് ഈ മഹത്തായ ആദർശങ്ങളും തത്വശാസ്ത്രവും നടപ്പിലാക്കുന്നതിന് എല്ലാവരും ഒന്നിച്ച് സഹകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കമ്മീഷന് ഒരു അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള തീരുമാനം മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, ഖാദി ബോർഡ് നേരിട്ട് നടത്തുന്ന 12 ഉൽപ്പാദന കേന്ദ്രങ്ങളും കോട്ടയം ജില്ലയിലുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു മാസമായി അവിടെ ഉൽപ്പാദനം നടക്കുന്നില്ല. അതിനു കാരണം, അവിടെ പഞ്ഞിയും ടേപ്പും ലഭിക്കുന്നില്ലെന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു, അതിന് വേണ്ടി നടപടി ഗവൺമെന്റ് കൈക്കൊള്ളാമെന്ന്. കഴിഞ്ഞ രണ്ടുമൂന്നു മാസമായി, ഈ രംഗത്ത് പ്രവർത്തിക്കുന്ന മൂന്നും നാലും രൂപ മാത്രം കൂലി ലഭിച്ചുകൊണ്ടിരിക്കുന്ന, ആ കുട്ടികൾ മുഴുവൻ പട്ടിണിയിലാണ്. അതുകൊണ്ട് എന്തെങ്കിലും ചെറിയ തോതിലുള്ള സാമ്പത്തികസഹായം നൽകുന്നതിന്, അവർക്ക് ഖാദിബോർഡിന്റെ ഒരു അഡ്വാൻസ് എന്ന നിലയിൽ ഓരോ ചെറിയ തുക നൽകുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: ഖാദി ബോർഡിന്റെ കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന എട്ടു സ്ഥാപനങ്ങളിൽ പണിമുടക്കൊന്നും ഉണ്ടായിട്ടില്ല. അവിടെ ഉൽപ്പാദനവും മറ്റു കാര്യങ്ങളുമൊക്കെ നടക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ റബ്ബറിനെ സംബന്ധിച്ചിടത്തോളം ഉള്ളത് പൈലറ്റ് പ്രോജക്ടാണ്. അത് ഇപ്പോഴും ആരംഭിച്ചിട്ടേയുള്ളൂ. മറ്റുള്ളത്, തൃശ്ശൂർ, തിരുവനന്തപുരം, പാപ്പിനിശ്ശേരി, ബാലുശ്ശേരി, ഏറ്റുമാനൂർ ഇവയാണ്. ഖാദിബോർഡിന്റെ കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പ്രവർത്തനം നടക്കുന്നുണ്ട്. സഹകരണ സംഘങ്ങളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയും കീഴിലുള്ളവയുടെ കാര്യത്തിൽ ചിലയിടങ്ങളിൽ പ്രശ്നങ്ങളുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞത് പ്രവർത്തനരഹിതമായതും പിഡിതവുമായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഖാദി ബോർഡ് പ്രത്യേകമായി ബൃഹത്തായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്ന്.

LIBRARY ARCHIVES Kerala Legislative Assembly